# ഡോ. ബെഞ്ചമിൻ വർഗീസ് കുസാറ്റ് പരീക്ഷാ കൺട്രോളർ

**കളമശേരി**

കുസാറ്റ് പുതിയ പരീക്ഷാ കൺട്രോളറായി ഡോ. ബെഞ്ചമിൻ വർഗീസ് പി ചുമതലയേറ്റു. പെരുമ്പാവൂർ വേങ്ങൂർ പണ്ടിക്കുടി കുടുംബാംഗമാണ്. പിറവം ബിപിസി കോളേജിൽ അസോസിയേറ്റ് പ്രൊഫസറായിരുന്നു. വെല്ലൂർ എൻജിനിയറിങ് കോളേജിൽനിന്ന് ബിടെക് ബിരുദം നേടിയ ഡോ. ബെഞ്ചമിൻ കുസാറ്റിൽനിന്നാണ് എംടെക്, പിഎച്ച്ഡി ബിരുദങ്ങൾ നേടിയത്. വ്യവസായശാലകളിലെ ഏഴുവർഷത്തെ ജോലിക്കുശേഷം 1997ൽ അധ്യാപകനായി.



ഡോ. ബെഞ്ചമിൻ വർഗീസ്

സ്റ്റാറ്റ്യൂട്ടറി തസ്തികയാക്കിയ ശേഷം ആദ്യമായി നിയമിതനാകുന്ന പരീക്ഷാ കൺട്രോളറാണ് ഡോ. ബെഞ്ചമിൻ. എംജിഎം ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക സുനിത ജേക്കബാണ് ഭാര്യ. ബംഗളൂരുവിൽ ഉദ്യോഗസ്ഥനായ ബിനു, ബികോം വിദ്യാർഥി ജേക്കബ് എന്നിവർ മക്കളാണ്.

ദേശാഭിമാനി 05-03-2020 പേജ്-09

# Benjamin Varghese P takes charge as Cusat controller of exams



Benjamin Varghese P, associate professor, BPC College, Piravom took charge as the new Controller of Examinations of Cochin University of Science and Technology. He graduated from Vellore Engineering College in 1989 with a BTech degree. Benjamin obtained his MTech and PhD degrees in 2002 and 2014, respectively, from Cusat. He joined the teaching profession in 1997 after seven years'. Benjamin is the first examcontroller to take charge after it was converted into a statutory post.

The Indian Express 05-03-2020 Page-03

# ഡോ.പി.ബെഞ്ചമിൻ വർഗീസ് കുസാറ്റ് പരീക്ഷാ കൺട്രോളർ

**കളമശേരി** ● കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ പുതിയ പരീക്ഷാ കൺട്രോളറായി ഡോ.പി. ബെഞ്ചമിൻ വർഗീസ് ചുമതലയേറ്റു.



ഡോ.പി. ബെഞ്ചമിൻ വർഗീസ്

സ്റ്റാറ്റ്യൂട്ടറി തസ്തികയാക്കിയതിനു ശേഷം ആദ്യമായി നിയമിതനാകുന്ന പരീക്ഷാ കൺട്രോളറാണ് ഡോ.ബെഞ്ചമിൻ വർഗീസ്. പിറവം ബിപിസി കോളജിൽ അസോഷ്യേറ്റ് പ്രഫസറായിരുന്നു.

മലയാള മനോരമ 05-03-2020 പേജ്-03

# ചുമതലയേറ്റു



*ബെഞ്ചമിൻ വർഗീസ്*

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ പുതിയ പരീക്ഷ കണ്ട്രോളറായി പെരുമ്പാവൂർ വേങ്ങൂർ പണ്ടിക്കുടി വീട്ടിൽ ഡോ. പി. ബെഞ്ചമിൻ വർഗീസ് ചുമതലയേറ്റു. പിറവം ബി.പി.സി കോളജിൽ അസോസിയേറ്റ് പ്രഫസറായിരുന്നു. സ്റ്റാറ്റ്യൂട്ടറി തസ്തികയാക്കിയതിനുശേഷം ആദ്യമായി നിയമിതനാകുന്ന പരീക്ഷ കണ്ട്രോളറാണ്.

എം.ജി.എം ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക സുനിത ജേക്കബാണ് പത്നി. ബംഗളൂരുവിൽ ഉദ്യോഗസ്ഥനായ ബിനു, ബി.കോം വിദ്യാർഥി ജേക്കബ് എന്നിവർ മക്കളാണ്.

മാധ്യമം 05-03-2020 പേജ്-09